**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് - ലക്ചറർ (പോളിടെക്നിക്ക്), അസിസ്റ്റൻറ് പ്രൊഫസർ (എഞ്ചിനീയറിംഗ് കോളേജ്/ആർട്ട്സ് & സയൻസ് കോളേജ്) എന്നീ തസ്തികകൾ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ (അച്ചടി) നം. 32/2017/ധന തിരുവനന്തപുരം, തീയതി, 08/03/2017

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1) സ.ഉ. (പി) 28/2016/ധന തീയതി 26/02/2016
2) സ.ഉ. (പി) 136/2016/ധന തീയതി 07/09/2016
3) സ.ഉ. (പി) 181/2016/ധന തീയതി 15/12/2016

## ഉത്തരവ്

സൂചനയിലെ ഉത്തരവുകൾ പ്രകാരം ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിരുന്നുവെങ്കിലും ലക്ചറർ (പോളിടെക്നിക്ക്), അസിസ്റ്റൻറ് പ്രൊഫസർ (എഞ്ചിനീയറിംഗ് കോളേജ്/ആർട്ട്സ് & സയൻസ് കോളേജ്) എന്നീ തസ്തികകൾ ടി ഉത്തരവുകളിൽ ഉൾപ്പെട്ടിരുന്നില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലക്ചറർ (പോളിടെക്നിക്ക്), അസിസ്റ്റൻറ് പ്രൊഫസർ (എഞ്ചിനീയറിംഗ് കോളേജ്/ആർട്ട്സ് & സയൻസ് കോളേജ്) എന്നീ തസ്തികകളുടെ ദിവസ/കരാർ വേതനം താഴെ പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| ലക്ചറർ (പോളിടെക്നിക്ക്)<br>**കാറ്റഗറി XI** | ദിവസവേതനം @ ₹1300/- | പരമാവധി പ്രതിമാസ കരാർ വേതനം ₹39,500/- |
| അസിസ്റ്റൻറ് പ്രൊഫസർ (എഞ്ചിനീയറിംഗ് കോളേജ് / ആർട്ട്സ് & സയൻസ് കോളേജ്)<br>**കാറ്റഗറി XI (a)** | ദിവസവേതനം @ ₹1400/- (ആവശ്യമുണ്ടെങ്കിൽ മാത്രം) | പരമാവധി പ്രതിമാസ കരാർ വേതനം ₹42,000/- |

ഈ വേതന വർദ്ധനവിനു 01/04/2016 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. സൂചന (1) ഉത്തരവിലെ എല്ലാ വ്യവസ്ഥകളും ഈ ഉത്തരവിനു ബാധകമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സാധന എസ്.നായർ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

To

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

2. അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള. തിരുവനന്തപുരം
3. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ), കേരള. തിരുവനന്തപുരം
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. എല്ലാ ജില്ലാ ട്രഷറികൾ / സബ്ട്രഷറികൾ
7. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
8. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
9. ഡയറക്ടർ, ടെക്നിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം
10 ഗവർണ്ണറുടെ സെക്രട്ടറി
11. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
12. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
13. പ്രതിപക്ഷ നേതാവിന്റെയും ഗവ. ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
14. നോഡൽ ഓഫീസർ www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Indu

അക്കൗണ്ട്സ് ഓഫീസർ